LIBRARY ARCHIVES Kerala Legislative Assembly

റോഡ് ട്രാൻസ്പോർട്ട് ആന്റ് സേഫ്റ്റി ബിൽ

339 (3973) ശ്രീ. മാത്യു റ്റി. തോമസ് :

ശ്രീമതി ജമീല പ്രകാശം :

ശ്രീ. സി. കെ. നാണു :

ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് ആൻഡ് സേഫ്റ്റി ബില്ലുമായി ബന്ധപ്പെട്ട് ഡൽഹിയിൽ ചേർന്ന ഉന്നതതല യോഗത്തിൽ കേരളത്തിന്റെ പ്രതിനിധികൾ പങ്കെടുത്തിരുന്നുവോ ; ഉണ്ടെങ്കിൽ ആരെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

പങ്കെടുത്തിരുന്നു. ഗതാഗത വകുപ്പ് മന്ത്രിയും ഗതാഗത വകുപ്പ് സെക്രട്ടറിയും ഗതാഗത കമ്മീഷണറുമാണ് പങ്കെടുത്തത്.

ഓച്ചിറ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന് കെട്ടിട നിർമ്മാണം

340 (3974) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഓച്ചിറ KSRTC ബസ് സ്റ്റാൻഡിന് എം.എൽ.എ. ഫണ്ടിൽനിന്ന് അനുവദിച്ച 25 ലക്ഷം രൂപയുടെ കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണ് ; നിർമ്മാണം പൂർത്തിയാക്കാൻ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണമെന്താണ് ; എന്നത്തേക്ക് കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

കരാർ ഏറ്റെടുത്ത കരാറുകാരന് പ്രവൃത്തി തുടങ്ങുവാൻ പ്രാദേശികമായ എതിർപ്പു കാരണം സാധിച്ചിട്ടില്ല. ഇതുമൂലം പ്രസ്തുത നിർമ്മാണ പ്രവൃത്തി ഉപേക്ഷിക്കേണ്ട അവസ്ഥയിലാണ്.